പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് അനൗദ്യോഗിക ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

43 [2180] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് അനൗദ്യോഗിക ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇക്കഴിഞ്ഞ വർഷം ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വ്യവസായ വകുപ്പുമന്ത്രിയും സെക്രട്ടറിമാരും പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡും കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ, ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വ്യവസായ-സാമൂഹ്യ ക്ഷേമ വകുപ്പുമന്ത്രി, ധന.എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയേയും സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധമായി പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(സി) കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ട്രാവൻകൂർ സിമന്റ്സ് പ്രോഡക്ട്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്, ഫോസ്റ്റർ ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, സ്റ്റോം മാറിംഗ് ഇന്ത്യാ ലിമിറ്റഡ്, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നിവയാണ്. ഇക്കഴിഞ്ഞ വരഷം ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ.

വ്യവസായ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്മാരുടെ തസ്തിക നികത്താൻ നടപടി

44 [2181] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Ker Legislative Assembly

(എ) വ്യവസായ വകുപ്പിൽ എട്ട് ജില്ലകളിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജീവനക്കാരെ പ്രമോട്ട് ചെയ്ത് നിയമിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുവാൻ ജീവനക്കാർക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകി നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫീൽഡ് കാറ്റഗറി തസ്തികയായ സീനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യപ്പെട്ട ഉദ്യോഗസ്ഥരില്ലാത്തതിനാലാണ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജീവനക്കാരെ പ്രമോട്ടുചെയ്തു നിയമിക്കാൻ സാധിക്കാത്തത്.

(സി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന ആഫീസുകളിൽ അവർ നിർവ്വഹിക്കേണ്ടുന്ന കൃത്യങ്ങൾ അതാത് ആഫീസുകളിലെ മാനേജർമാർക്കോ അസിസ്റ്റന്റ് ജില്ലാ വ്യവസായ ആഫീസർമാർക്കോ ചാർജ് അറേഞ്ച്മെന്റ് വഴി നൽകുന്നതിനാൽ നിലവിൽ തടസ്സം ഒന്നും തന്നെയില്ല. ഫീൽഡ് കാറ്റഗറിയിൽ പ്രൊബേഷൻ പൂർത്തീകരിക്കാത്തവർക്ക് പ്രൊമോഷൻ നൽകുന്നതു നിയമവിരുദ്ധമാകയാൽ അതു പരിഗണിക്കാൻ നിർവ്വാഹമില്ല.

മലപ്പുറം ജില്ലയിലെ വാണിയമ്പലത്ത് റബ്ബർ സംസ്കരണ സ്ഥാപനം ആരംഭിക്കാൻ നടപടി

45 [2182] ശ്രീ. പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ:
,, സി. മമ്മൂട്ടി:
,, കെ. എൻ. എ. ഖാദർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാണിയമ്പലം റെയിൽവേ സ്റ്റേഷനു സമീപം റബ്ബർ തടി സംസ്കരിച്ച് ഹാർഡ് വുഡ് ആക്കി വീട്ടു പണിത്തരങ്ങളും ഫർണീച്ചറുകളും നിർമ്മിക്കുന്ന സ്ഥാപനം ആരംഭിക്കുവാൻ വ്യവസായ വകുപ്പ് രണ്ട് കോടി രൂപ അനുവദിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനം ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതെന്തെന്ന് അറിയിക്കുമോ;

(സി) കേരളത്തിൽ ഏറ്റവും അധികം റബ്ബർ തടികൾ അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റിപ്പോകുന്ന മലപ്പുറം ജില്ലയിലെ വാണിയമ്പലത്ത്

LIBRARY ARCHIVES Kerala Legislative Assembly